(ഇ) സിഡ്കോ ഇറക്കുമതിചെയ്ത മുഴുവൻ സിമൻറും കൊച്ചി തുറമുഖം വഴി മാത്രം ഇറക്കുമതിചെയ്യുവാൻ കഴിയാതിരുന്ന ഘട്ടത്തിലാണ് തൂത്തുക്കുടി തുറമുഖം വഴിയും സിമൻറ് ഇറക്കുമതി ചെയ്തത്.

(എഫ്) കേസ് അന്വേഷണത്തിലിരിക്കുന്നതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

(ജി, എച്ച്, ഐ & ജെ) കേസ് അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ ലഭ്യമാകൂ.

1985-86-ലെ വൻകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ

* 332. [391] ശ്രീ. കെ.ടി. കുമാരൻ :
,, കെ.പി. പ്രഭാകരൻ :
,, കെ.ഇ. ഇസ്മയിൽ :
,, കാനം രാജേന്ദ്രൻ :
,, വി.കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഏഴാം പഞ്ചവൽസരപദ്ധതിയുടെ ആദ്യവർഷമായ 1985-86-ൽ വൻകിട, ഇടത്തരം വ്യവസായ യൂണിറ്റുകൾ ഏതെങ്കിലും തുടങ്ങാൻ നടപടികളെടുത്തിട്ടുണ്ടോ ;

(ബി) വൻകിട-ഇടത്തരം വ്യവസായങ്ങളിൽ പൊതുമേഖലയിൽ കേന്ദ്ര സെക്ടറിലും സംസ്ഥാന സെക്ടറിലും മൂലധനം എത്രയാണ് നിക്ഷേപിക്കുവാൻ ഉദ്ദേശിക്കുന്നത്?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഉണ്ട്.

(ബി) 1985-86-ൽ കേന്ദ്ര പൊതുമേഖലയിൽ നിക്ഷേപിക്കുവാനുദ്ദേശിക്കുന്ന തുകയുടെ വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല ; എന്നാൽ ഏഴാം പഞ്ചവൽസര പദ്ധതി കാലയളവിൽ കേരളത്തിലുള്ള കേന്ദ്ര ഗവൺമെൻറിൻെറ പൊതുമേഖലാ സ്ഥാപനങ്ങളിൽ മൊത്തത്തിൽ ഏകദേശം 870 കോടി രൂപയോളം നിക്ഷേപിക്കാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുള്ളതായിട്ടാണ് അറിവ്. സംസ്ഥാന മേഖലയിൽ വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ 22 കോടി രൂപയോളം മൂലധനമായി നിക്ഷേപിക്കാൻ 1985-86 ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ബസ് ചാർജ് വർദ്ധനവ്

* 333. [392] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :
ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പുതിയ യാത്രാക്കൂലി നിരക്കുകൾ നടപ്പിൽവന്നശേഷം കിലോമീറ്ററിനുള്ള വരുമാനം ശരാശരി എത്ര കണ്ടു വർദ്ധിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly